"ഭരണഭാഷ-മാതൃഭാഷ"

No.DWCD/278/2026-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 10-02-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും,

സർ/മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- പടവുകൾ പദ്ധതി-2024-25, 2025-26 വർഷത്തേയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1. പടവുകൾ പദ്ധതി-അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത്

വിധവകളുടെ വിവിധ പ്രൊഫഷണല് കോഴ്സുകൾക്ക് പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്ന 'പടവുകൾ' പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സൂചന പ്രകാരം 13/02/2026 ആയിരുന്നു. പരമാവധി വിദ്യാർത്ഥികൾക്ക് 'പടവുകൾ' പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി 'പടവുകൾ' പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20/03/2026 വരെ ദീർഘിപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022-23, 2023-24 വർഷത്തെ അപേക്ഷകരായ മുഴുവൻ വിദ്യാർത്ഥികളേയും ബന്ധപ്പെട്ട് 20/02/2026 നകം മേൽ വർഷങ്ങളിൽ അപേക്ഷ പ്രത്യേകം സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.
2. മുൻ വർഷങ്ങളിലെ അപേക്ഷകൾ മാത്രം ക്രോഡീകരിച്ച് 25/02/2026 നകം ആവശ്യമുള്ള തുക അലോട്ട്മെന്റായി ആവശ്യപ്പെടേണ്ടതാണ്.
3. പടവുകൾ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ പരമാവധി പ്രചാരണം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ